# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

## ആമുഖം

വിദ്യാലയങ്ങൾ എന്നും മികവിന്റെ കേന്ദ്രങ്ങളായിത്തീരണം. ഓരോ വിദ്യാർത്ഥിക്കും പ്രത്യേക പരിഗണന നൽകിക്കൊണ്ട് തന്നെയായിരിക്കണം വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്. ഇടയ്ക്കിടെ കടന്നുവരുന്ന പഠനവിടവുകൾ നികത്തിക്കൊണ്ട് മുന്നോട്ട് പോകാൻ കഴിഞ്ഞെങ്കിലേ ലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെടുകയുള്ളൂ. ഇത്തരം ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുതകുന്ന തരത്തിലാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

പൊതുവെ നമ്മുടെ കുട്ടികൾ അക്ഷര പഠനത്തിലും ഭാഷാശേഷികളിലും പിൻതള്ളപ്പെട്ടു പോകുന്നത് ഇത്തരം വ്യക്തിഗത പരിഗണന പലകാരണങ്ങളാലും ലഭിക്കാതെ പോകുന്നത് കൊണ്ടാണ്. എങ്കിലും മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് എന്നീ പ്രവർത്തനപദ്ധതികളിലൂടെ ഭാഷാപഠനത്തിൽ ഏറെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 2023 - 24 അധ്യയനവർഷത്തിൽ ഒന്ന്, രണ്ട് ക്ലാസുകളിൽ നടപ്പാക്കിയ സംയുക്ത ഡയറി, സചിത്രപാഠപുസ്തകം എന്നിവയും കുട്ടികളിൽ പുരോഗമനപരമായ മാറ്റങ്ങൾ വരുത്താൻ ഏറെ സഹായിച്ചിട്ടുണ്ട്.

Scanned with OKEN Scanner

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും, വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക
3. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും
4. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവൽക്കരിക്കും.
5. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും, കഴിവും ഉൾക്കൂട്ടി തയ്യാറാക്കി രക്ഷിതാക്കൾക്ക് പിടിഎകളിൽ നൽകും.
6. ആധുനിക സാങ്കേതിക സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കും.
7. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
8. മാലിന്യമുക്ത വിദ്യാലയം, ശുചിത്വം, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, മലിനജലനിർമാർജനം തുടങ്ങിയവ നടപ്പിലാക്കൽ
9. പോക്സോ സംബന്ധമായ ബോധവൽക്കരണം.
10. ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവക്കെതിരെ ബോധവൽക്കരണം.

Scanned with OKEN Scanner
Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഊരത്ത്. എൽ.പി. സ്കൂൾ |
| മേൽവിലാസം | : ഊരത്ത്, കുറ്റ്യാടി, കോഴിക്കോട് |
| സ്കൂൾ കോഡ് | : 16441 |
| വിദ്യാഭ്യാസ ജില്ല | : കുന്നുമ്മൽ |
| ബി.ആർ.സി | : കുന്നുമ്മൽ |
| സി.ആർ.സി | : കുറ്റ്യാടി |
| ഗ്രാമപഞ്ചായത്ത് | : കുറ്റ്യാടി |
| ബ്ലോക്ക് പഞ്ചായത്ത് | : കുന്നുമ്മൽ |
| വില്ലേജ് | : കുറ്റ്യാടി |

Scanned with OKEN Scanner

# ഊരത്ത് എൽ പി സ്കൂൾ

ആകെ അധ്യാപകർ 05

കുട്ടികളുടെ എണ്ണം 2025 -26

| Std | M | F | |
|---|---|---|---|
| 1 | 7 | 6 | |
| 2 | 11 | 8 | |
| 3 | 7 | 13 | |
| 4 | 5 | 7 | |
| Total | 30 | 34 | 64 |

Scanned with OKEN Scanner

# ഊരത്ത്. എൽ.പി സ്കൂൾ

കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ സബ് ജില്ലയിലെ കുറ്റ്യാടി പഞ്ചായത്തിൽ ഏറ്റവും പഴക്കം ചെന്ന സ്കൂളുകളിൽ ഒന്നാണ് ഊരത്ത്. എൽ. പി. സ്കൂൾ. 1883ൽ തച്ചിൽ രാമൻനായർ എന്ന പൗരപ്രമാണി ഒരു എഴുത്തുപള്ളിക്കൂടം സ്ഥാപിച്ച് അദ്ദേഹം തന്നെ ഏകാധ്യാപകനായി കുട്ടികളെ പഠിപ്പിച്ചു. പിന്നീട് പാലേരി സ്വദേശി മീത്തലില്ലത്ത് ഗോവിന്ദൻ നായർ എന്ന മഹദ്‌വ്യക്തി ഈ എഴുത്തുപള്ളിക്കൂടം പുതിയോട്ടിൽ എന്ന സ്ഥലത്തേക്ക് മാറ്റി ഉണ്ടാക്കി. 1892ൽ ഇതിനടുത്ത നടുക്കണ്ടി പറമ്പിലേക്ക് സ്കൂൾ വീണ്ടും മാറ്റി. അതാണ് ഇന്നത്തെ ഊരത്ത് എൽ.പി.സ്കൂൾ

91 കുട്ടികളാണ് ഈ സ്കൂളിലുള്ളത്. ഭൗതിക സാഹചര്യങ്ങൾ പഴയതിൽ നിന്നും ഒരുപാട് മെച്ചപ്പെട്ടിട്ടുണ്ട്. പി.ടി.എ, എം.പി.ടി.എ, എസ്.പി.ജി എന്നിവ സജീവമായി പ്രവർത്തിക്കുന്നു. ഇവരുടെയെല്ലാം സഹായത്തോടെ പഠനനിലവാരം നല്ല നിലയിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. പഠനപ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും ഈ സ്കൂൾ മുന്നിട്ട് നിൽക്കുന്നു. 5 അധ്യാപകരാണ് ഈ സ്കൂളിലുള്ളത്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറിയും. പ്രീ-പ്രൈമറിയിൽ 2 അധ്യാപകരുമാണ് ഉള്ളത്.

Scanned with OKEN Scanner

# വിവിധ പ്രവർത്തനങ്ങൾ.

1. പിന്നോക്കപരിഹരണം
2. ക്ലബ്ബ് പ്രവർത്തനങ്ങൾ.
3. പ്രതിഭാപരിപോഷണം
4. ക്ലാസ്, സ്കൂൾ ലൈബ്രറി പരിപോഷണം.
5. I.C.T ലഭ്യമാക്കൽ
6. P.T.A, MPTA, പൂർവ്വ വിദ്യാർത്ഥി
7. തെരഞ്ഞെടുപ്പ് - സ്കൂൾ ലീഡർ, ക്ലാസ് ലീഡർ
8. സ്പോക്കൺ ഇംഗ്ലീഷ്
9. ഇംഗ്ലീഷ് അസംബ്ലി
10. വളരുന്ന വിജ്ഞാനം
11. ഗണിതമൂല
12. ആരോഗ്യസമിതി
13. പരാതിപ്പെട്ടി
14. സംയുക്ത ഡയറി
15. വിദ്യാരംഗം കലാസാഹിത്യവേദി
16. ദിനാചരണങ്ങൾ
17. വിവിധ ക്ലബ്ബുകൾ
18. പഠനയാത്ര, ഫീൽഡ്ട്രിപ്പ്

Scanned with OKEN Scanner

## പ്രവർത്തനപദ്ധതികൾ
## മലയാളം

പ്രവർത്തനം - 1
പേര് : പുസ്തകം എന്റെ ചങ്ങാതി
ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | ലൈബ്രറി സന്ദർശനം സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ വീട്ടുവായനക്ക് നൽകുന്നു | ഒരു ആഴ്ചയിൽ ഒരു പുസ്തകം | |

പ്രവർത്തനം - 2
പേര് - എന്റെ പിറന്നാൾ പുസ്തകം
ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കഴിയുന്നു | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | |

Scanned with OKEN Scanner

പ്രവർത്തനം - 3
പേര് - ഉച്ചഭാഷിണി വായന
മേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന (അസംബ്ലിയിൽ) | ജൂൺ മുതൽ മാർച്ച് വരെ |

പ്രവർത്തനം - 4
അക്ഷരക്കൂട്ടം (വായനാ കോർണർ)
മേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |

പ്രവർത്തനം - 5
പേര് - സ്കൂൾ ലൈബ്രറി
മേഖല - വായന

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിക്കൽ ലൈബ്രറി സന്ദർശനം | |

പ്രവർത്തനം - 6

പേര് - ക്ലാസ്തല പതിപ്പുകൾ

ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ എന്നിവ ചേർത്തുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | |

പ്രവർത്തനം - 7

പേര് - എന്റെ വായനാക്കുറിപ്പുകൾ

ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസുകളിൽ വായനാ കാർഡ് തയ്യാറാക്കൽ) വായിക്കാനുള്ള പുസ്തകം നൽകണം. | ജൂൺ മുതൽ മാർച്ച് വരെ | |

പ്രവർത്തനം - 8

പേര് : പ്രിന്റഡ് മാഗസിൻ

ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സർഗ്ഗാത്മകരചനകൾക്ക് അവസരം ഒരുക്കാൻ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കാൻ | വർഷത്തിൽ ഒന്ന് | |

Scanned with OKEN Scanner

Scanned with OKEN Scanner

പ്രവർത്തനം - 9
പേര് - സർഗവേള
മേഖല - പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| ഉള്ളടക്കം കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ച് വായനാക്കുറിപ്പ് തയ്യാറാക്കൽ ചെറിയ ക്ലാസിൽ വായനാ കാർഡ് | ജൂൺ മുതൽ മാർച്ച് വരെ |

പ്രവർത്തനം - 10
പേര് - പ്രത്യേകപരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ |

പ്രവർത്തനം - 11
പേര് - പാട്ടരങ്ങ്

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| കുട്ടികളിൽ ഭാഷാജ്ഞാനവും ആത്മ വിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |

Scanned with OKEN Scanner

പ്രവർത്തനം - 12
പേര് - റിഡേഴ്സ് തിയേറ്റർ
മേഖല - വായനവളർത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| വായനാതാൽപര്യവും അഭിനയവും വഴി വ്യക്തിത്വ വികസനവുമാണ് ലക്ഷ്യം | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു കഥാനായകർ സംഭാഷണശൈലി ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | |

പ്രവർത്തനം - 13
പേര് - ഭാഷോത്സവം, അരങ്ങേറ്റത്തേക്ക്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ആത്മവിശ്വാസം വർധിപ്പിക്കുക വേദിയിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക | ഭാഷാപ്രസംഗം, കഥപറയൽ, കവിതാപാരായണം തുടങ്ങി കുട്ടികൾ പഠിച്ചിട്ടുള്ള കാര്യങ്ങളെ ആസ്വാദമായി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | |

Scanned with OKEN Scanner

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയിൽ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (ബുധൻ) | ഇംഗ്ലീഷ് ക്ലബ്ബ്. |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ)
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള രചന മെച്ചപ്പെടുത്തുന്നതിന്. | എല്ലാംദിവസങ്ങളിലും അനുഭവങ്ങൾ ഡയറിയിൽ എഴുതുന്നു. | എല്ലാ ദിവസവും | ക്ലാസ്ടീച്ചർ |

Scanned with OKEN Scanner
Scanned with OKEN Scanner

പ്രവർത്തനം 3

പേര് : ഇംഗ്ലീഷ് മാഗസിൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സർഗ്ഗാത്മ രചനാശേഷി വികസനം. | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ നിർമ്മാണം | വർഷത്തിൽ രണ്ട് തവണ | ക്ലാസ്ടീച്ചർ |

പ്രവർത്തനം 4

പേര്: ഇംഗ്ലീഷ് കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വായനാപരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ. |

Scanned with OKEN Scanner

പ്രവർത്തനം : 5

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗ്ഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പരിപാടികൾ ഉൾക്കൊള്ളിച്ചു കൊണ്ട്. കുട്ടികളുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുക. (reading, recitation, action song....) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് ക്ലബ്ബ്. |

Scanned with OKEN Scanner
Scanned with OKEN Scanner

## വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല: അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ | ഓരോ മാസത്തിലും | SITC |

പ്രവർത്തനം : 2
പേര് : IT ലാബ്
ഉപമേഖല: കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ / പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ ആഗസ്റ്റ് | SITC |

Scanned with OKEN Scanner

## ആരോഗ്യ – കായിക – വിദ്യാഭ്യാസം

പ്രവർത്തനം 1
പേര് കായികാരോഗ്യം
ഉപമേഖല : സ്പോർട്സിന് പ്രോത്സാഹനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരുടെ ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | സ്കിപ്പിംഗ് പരിശീലനം<br>അത്‌ലറ്റിക്സ് പരിശീലനം | ജൂൺ – മാർച്ച് | HM<br>SPG<br>PTA |

പ്രവർത്തനം 2
പേര് : ഹെൽത്ത് ചെക്കപ്പ്
ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യം ഉറപ്പു വരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി എല്ലാ ടേമിൽ ഹെൽത്ത് ചെക്കപ്പ്. | ജൂൺ- സെപ്റ്റംബർ | PTA |

പ്രവർത്തനം : 3
പേര് : കായിക വിദ്യാഭ്യാസം – അധ്യാപക ശില്പശാല
ഉപമേഖല : അധ്യാപക ശാക്തീകരണം .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പിരീഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ – മാർച്ച് | SRG |

Scanned with OKEN Scanner
Scanned with OKEN Scanner

# പരിസരപഠനം.

പ്രവർത്തനം: 1
പേര് : പ്രകൃതി അറിഞ്ഞ്.

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല |
|---|---|---|---|
| പ്രകൃതിയെ അറിയാൻ | 'പ്രകൃതി നടത്തം' നാട്ടിലെ വയലുകൾ കുളങ്ങൾ എന്നിവയെ കുറിച്ച് അടുത്തറിയുന്നതിനായി കുട്ടികളെ കൊണ്ടുപോകുന്നു. | ജൂൺ | ടീച്ചേർസ് |

പ്രവർത്തനം : 2
പേര് : ശാസ്ത്രാവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠന താല്പര്യം വളർത്തൽ | ലഘുപരീക്ഷണങ്ങൾ നടത്തുന്നു കുറിപ്പ് തയ്യാറാക്കുന്നു | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ |

Scanned with OKEN Scanner

പ്രവർത്തനം : 3
പേര് : ഭക്ഷ്യമേള.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആഹാരശീലങ്ങളും ഭക്ഷ്യവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | നാടൻ ഭക്ഷണങ്ങൾ കൊണ്ട് വന്ന് ഭക്ഷ്യമേള സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 4
പേര് : ശാസ്ത്രമൂല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

Scanned with OKEN Scanner
Scanned with OKEN Scanner

പ്രവർത്തനം 5

പേര് : ശാസ്ത്രോത്സവം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലെ താല്പര്യം വളർത്തുവാൻ. | . പരീക്ഷണങ്ങൾ നിരീക്ഷണങ്ങൾ എന്നിവയ്ക്ക് അവസരമൊരുക്കൽ . സ്കൂൾ ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ | ജൂൺ - ഒക്ടോബർ | ശാസ്ത്ര ക്ലബ്ബ്. |

പ്രവർത്തനം : 6

പേര് : ശാസ്ത്രപഠനോപകരണശില്പശാല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാല ഷോപ്പുകൾ സംഘടിപ്പിക്കൽ | വർഷത്തിലൊന്ന് | ശാസ്ത്രക്ലബ്ബ്. |

Scanned with OKEN Scanner

# അറബിക്

പ്രവർത്തനം: 1
പേര്: ലോക ഭാഷ - അറബി ഭാഷ
ഉപമേഖല: അടിസ്ഥാനശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അറബിഭാഷയിലെ അടിസ്ഥാനശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക | രണ്ട് മാസം | അറബിക് ടീച്ചർ |

പ്രവർത്തനം: 2
പേര്: അറബിക് വായനോത്സവം
ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന പഠനനേട്ടങ്ങൾ മുഴുവൻ ഉറപ്പുവരുത്തുക. | • വായനാമത്സരം<br>• ക്ലാസ് ലൈബ്രറി | വർഷം മുഴുവൻ | അറബിക് ടീച്ചർ |

Scanned with OKEN Scanner

പ്രവർത്തനം 3

പേര് : അറബിക് രചനോത്സവം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വികസിപ്പിക്കുന്നതിനു ഉള്ള സാഹചര്യം . | പതിപ്പ് നിർമ്മാണം<br>വായനാക്കുറിപ്പ്<br>പോസ്റ്റർ<br>.ഭാഷാകേളി | വർഷം മുഴുവൻ | അറബിക് അധ്യാപകൻ |

Scanned with OKEN Scanner

# ഗണിതം

പ്രവർത്തനം 1
പേര്: ഗണിത വർക്ക്ഷീറ്റ് ശില്പശാല
ഉപമേഖല: വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിക്കപ്പെടുന്ന മുഴുവൻ പഠനനേട്ടങ്ങളും എല്ലാ കുട്ടികളേയും അത് പ്രാപ്തരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേയും പഠനനേട്ടങ്ങൾ ഉൾപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ യൂണിറ്റിന്റെയും തുടക്കത്തിൽ | |

പ്രവർത്തനം 2
പേര്: ഗണിതലാബ് (ഗണിതമധുരം)
ഉപമേഖല: ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ. | 2025-26 | |

പ്രവർത്തനം 3
പേര്: ഗണിത മൂല
ഉപമേഖല: ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കാൻ (ശ്രേണികൾ, ചാർട്ടുകൾ, കാർഡുകൾ തുടങ്ങിയവ | ജൂൺ | ക്ലാസ് ടീച്ചർ |

Scanned with OKEN Scanner

പ്രവർത്തനം: 4
പേര്: യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല: യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉദ്ദേശ്യങ്ങളായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പഠിതാ ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം: 5
പേര്: ഗണിത ക്ലാസ് പി.ടി.എ
ഉപമേഖല: സി.പി.ടി.എ ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലെയും ഗണിത പാഠങ്ങളിലെ H.W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്ന പിന്തുണാ സംവിധാനം രക്ഷിതാക്കൾക്ക് ഒരുക്കുന്നു. | ഓരോ മാസവും | ക്ലാസ് ടീച്ചർ |

പ്രവർത്തനം: 6
പേര്: ഗണിതം മധുരം
ഉപമേഖല: ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപ്രവർത്തനം ആസൂത്രണം ചെയ്യൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ. |

Scanned with OKEN Scanner